## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 395**
**29-11-2018-ലെ മറുപടിയ്ക്ക്**

### സാലറി ചലഞ്ച്

| ചോദ്യം<br><br>ശ്രീ. അബ്ദുൾ ഹമീദ്. പി | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്തെ ജീവനക്കാരിൽ എത്ര ശതമാനം പേർ സാലറി ചലഞ്ചിൽ പങ്കെടുത്തുവെന്ന് വെളിപ്പെടുത്താമോ; | 24.11.2018 ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു (57.33%).<br>സെപ്തംബർ മാസം സ്പാർക്ക് മുഖാന്തിരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്. |
| ബി) ഇത്തരത്തിൽ എത്ര തുക ദുരിതാശ്വാസ നിധിയിലേയ്ക്ക് സമാഹരിക്കാനായെന്ന് വെളിപ്പെടുത്താമോ; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൌണ്ടിൽ 28.11.2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. |
| സി) സാലറി ചലഞ്ചിൽ പങ്കെടുക്കാത്തവർ വിസമ്മതപത്രം നൽകണമെന്ന നിബന്ധന ആയത് സംബന്ധിച്ചിറക്കിയ ഉത്തരവിൽ ഉണ്ടോ എന്ന് വെളിപ്പെടുത്താമോ;<br><br>ഡി) പ്രസ്തുത നിബന്ധന കോടതി റദ്ദ് ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | 11.09.2018 തീയതിയിലെ സർക്കാർ ഉത്തരവ് (പി) 144/2018/ധന പ്രകാരം സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിൽ വിസമ്മതപത്രം നൽകണമെന്ന നിബന്ധന ഉണ്ടായിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെയും ബഹു. സുപ്രിംകോടതിയുടെയും ഉത്തരവിന്റെ വെളിച്ചത്തിൽ പുറപ്പെടുവിച്ച 30.10.2018 തീയതിയിലെ സർക്കുലർ നമ്പർ 99/2018/ധന പ്രകാരം സമ്മതപത്രം വാങ്ങി മാത്രമാണ് ഇതിലേയ്ക്കുള്ള തുക ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ

30/11/18